## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4785** **23.07.2015-ൽ മറുപടിയ്ക്ക്**

### പ്രാക്തന ഗോത്ര വർഗ്ഗങ്ങൾക്കായുള്ള പദ്ധതികൾ

**ചോദ്യം**
**ശ്രീ.എ.കെ.ബാലൻ**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പ്രാക്തന ഗോത്ര വർഗ്ഗങ്ങൾക്കായുള്ള പ്രത്യേക പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | എ) | ഉണ്ട്.<br>ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. കേരളത്തിലെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി 13-ാം ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റായി അനുവദിച്ച 148 കോടി രൂപ ഉപയോഗിച്ച് പദ്ധതി പ്രവർത്തനങ്ങൾ 2011-12 വർഷത്തിൽ ആരംഭിച്ചു. 2011-12 മുതൽ 2014-15 വരെ നാല് വർഷമായിരുന്നു കാലയളവ്. തുടർന്ന് പദ്ധതി പൂർത്തീകരിക്കുന്നതിനായി 2016 മാർച്ച് മാസം വരെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന പദ്ധതികളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നത്.<br><br>1. ഭവന നിർമ്മാണം<br>2. വൈദ്യുതീകരണം<br>3. കുടിവെള്ള പദ്ധതികൾ<br>4. മണ്ണ് സംരക്ഷണ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | 5. റോഡ് നിർമ്മാണം<br>6. ആരോഗ്യ പരിപാലനം<br>7. പെരിപ്പതറ്റിക് സെന്ററുകൾ<br>8. സ്പെഷ്യൽ അംഗൻവാടികൾ<br>9. ഹെൽത്ത് പ്രൊമോട്ടർ<br>10. വനസംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണവും പരിശീലനവും<br>11. ഭക്ഷ്യ സഹായ പദ്ധതി<br>12. പ്ലാനിംഗ് ഇംപ്ലിമെന്റേഷൻ ആൻഡ് മോണിറ്ററിംഗ് |
| ബി) | പ്രസ്തുത പദ്ധതിയുടെ കേന്ദ്ര സഹായം എത്ര രൂപയായിരുന്നു; എത്ര രൂപ ഇതുവരെ ലഭിച്ചു; എത്ര രൂപ ഇതുവരെ ചെലവഴിച്ചു; എത്ര ശതമാനമാണ് പ്രവർത്തന പുരോഗതി; | ബി) | 148 കോടി രൂപയാണ് കേന്ദ്രവിഹിതം. ആയതിൽ നിന്നും നാളിതുവരെ 133.20 കോടി രൂപ ലഭ്യമായിട്ടുണ്ട്. ഈ ഇനത്തിൽ ലഭ്യമായ സംസ്ഥാനവിഹിതമടക്കം നാളിതുവരെ 136.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 90% പ്രവർത്തന പുരോഗതി കൈവരിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള കാലാവധി എന്നാണ് അവസാനിക്കുന്നത്; | സി) | പദ്ധതി പൂർത്തീകരിക്കുന്നതിനായി ദീർഘിപ്പിച്ച കാലാവധി 31.03.2016-ന് അവസാനിക്കും. |
| ഡി) | സംസ്ഥാനത്തെ എത്ര പട്ടികവർഗ്ഗ കോളനികൾക്ക് ഈ പദ്ധതിയുടെ സഹായം ലഭിച്ചിട്ടുണ്ട്; കോളനികളുടെ പേരും, നടപ്പാക്കിയ പദ്ധതിയും ചെലവായ തുകയും വിശദമാക്കുമോ? | ഡി) | സംസ്ഥാനത്തെ 611 കോളനികൾക്ക് ഈ പദ്ധതിയുടെ സഹായം ലഭ്യമായിട്ടുണ്ട്. നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.<br><br>ഭക്ഷ്യ സഹായ പദ്ധതി - 15,43,19,940/-<br>ആരോഗ്യ സുരക്ഷാ പദ്ധതി - 1,40,83,179/-<br>ഭവന നിർമ്മാണം - 67,26,04,000/-<br>മണ്ണ്/ജല സംരക്ഷണം - 8,32,71,000/- |

| | | | |
|---|---|---|---|
| | | | റോഡുകൾ - 12,96,83,210/-<br>വൈദ്യുതീകരണം - 5,60,47,446/-<br>കുടിവെള്ള പദ്ധതി - 19,26,45,000/-<br><br>ടി പദ്ധതി നടപ്പിലാക്കിയ കോളനികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

Haripriya

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്